(ഡി) ഇവ ഈ വർഷം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) ഉണ്ട്.

(എഫ്) നബാർഡ് സഹായത്തോടെ തൃശ്ശൂർ ജില്ലയിൽ ഈ വർഷം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ഒന്നും ആരംഭിച്ചിട്ടില്ല.

ഇടിഞ്ഞുപോകുന്ന പുഴയോരഭാഗം ഭിത്തി കെട്ടണമെന്ന ആവശ്യം

25 (175) ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്, മണിയൂർ, അട്ടകുണ്ട് പാലത്തിനോട് ചേർന്ന കാട്ടിലക്കോവുമമൻ പ്രദേശത്ത് പുഴയോരഭാഗം മഴക്കാലത്ത് ഇടിഞ്ഞു പോകുന്നതിനാൽ ഭിത്തി കെട്ടി സംരക്ഷിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് ഗവൺമെന്റിന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിൻമേൽ എന്തു നടപടി കൈക്കൊണ്ടു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് 8 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്ത കാരണം പണി നടത്തുവാൻ സാധിച്ചിട്ടില്ല.

പാടിപ്പുഴയിൽ ക്രോസ്-ബാർ-കം-ബ്രിഡ്ജ് നിർമ്മാണം

26 (176) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ പാടിപ്പുഴയിൽ ഒരു ക്രോസ്-ബാർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിൽ തൃക്കരിപ്പൂർ പഞ്ചായത്തിൽ പാടിപ്പുഴയ്ക്ക് കുറുകെ ഒരു പാലത്തോടുകൂടിയ ഉപ്പുവെള്ള നിരോധന അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള 113 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു.

കുമ്പഴ പാലത്തിന്റെ കര ഇടിഞ്ഞുള്ള ഭീഷണി

27 (177) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിലെ കുമ്പഴ പാലത്തിന്റെ താഴെ ഭാഗം ഇടിയുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഭാഗം ഓരോ വെള്ളപ്പൊക്കം കഴിയുന്തോറും കൂടുതൽ കൂടുതൽ ഇടിഞ്ഞു വീഴുന്നത് ഒഴിവാക്കാനായി കഴിഞ്ഞ വർഷങ്ങളിൽ എന്തു നടപടി കൈക്കൊണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) ഈ പണി നടത്തുന്നതിനായി ടെണ്ടർ നൽകിയിട്ടും പണി ഏറ്റെടുത്ത് നടത്താൻ സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(ഡി) സ്ഥലം എം.എൽ.എ. ഇവിടെയുള്ള മണ്ണിടിച്ചിൽ ഭീഷണി ഒഴിവാക്കാനായി അടിയന്തിര നടപടി കൈക്കൊള്ളണമെന്നാവശ്യപ്പെട്ടിട്ടും നടപടി കൈക്കൊള്ളാതിരിക്കാൻ കാരണമെന്ത് ;

(ഇ) കൂടുതൽ കര ഇടിഞ്ഞ് പുനലൂർ-മൂവാറ്റുപുഴ റോഡിലെ കുമ്പഴ പാലത്തിന് ഭീഷണി ആവാതിരിക്കാൻ ഈ വർഷം തന്നെ ഈ ഭാഗം കെട്ടി സംരക്ഷിക്കാൻ നടപടി കൈക്കൊള്ളാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഈ ഭാഗത്തെ തീരസംരക്ഷണത്തിനായി ടെണ്ടർ ക്ഷണിച്ചിരുന്നു. എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 49 ശതമാനം കൂടുതലായാണ് ടെണ്ടർ ലഭിച്ചിരുന്നത്. ടെണ്ടർ കമ്മിറ്റി അംഗീകരിച്ച 45 ശതമാനം ഉയർന്ന നിരക്കിൽ പണി നടത്താൻ കോൺട്രാക്ടർ തയ്യാറാവാതിരുന്നതിനാൽ കോൺട്രാക്ടറെ വിടുതൽ ചെയ്യുകയുണ്ടായി. ഈ പ്രവൃത്തി 2711-01-103-98 എഫ്. ഡി.(എൻ/പി) എന്ന ബഡ്ജറ്റ് ശീർഷകത്തിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത് നടപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) മേൽ പറഞ്ഞ കാരണങ്ങളാലാണ് ഈ പ്രവൃത്തി ഇതുവരെ ഏറ്റെടുക്കാൻ കഴിയാതിരുന്നത്.

(ഇ) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പ്രവർത്തി ഏറ്റെടുത്ത് നടത്തുന്നതാണ്. കൂടാതെ കുമ്പഴ പാലത്തിന്റെ താഴ്വശം തീരസംരക്ഷണത്തിനായി 115 ലക്ഷം രൂപയുടെ ഒരു പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

കടയ്ക്കോട്-മരുതിക്കോട് കനാൽ റോഡിന്റെ പണി

28 (178) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.ഐ.പി.എൽ.ബി. ഡിവിഷൻ നമ്പർ 5-ൽ പ്പെട്ട കടയ്ക്കോട്-മരുതിക്കോട് കനാൽ റോഡിന്റെ പണി ആരംഭിച്ചത് എന്നാണ് ;

(ബി) ഈ പണിയുടെ എസ്റ്റിമേറ്റ് തുക എത്രയാണ് ;

(സി) പണി ഏറ്റെടുത്ത കരാറുകാരൻ ആരായിരുന്നു ;

(ഡി) ഈ കരാറുകാരൻ പണി പൂർത്തീകരിച്ചോ എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly